# ബട്ടൺ ബാറ്ററികൾ നിങ്ങളുടെ കുട്ടിയ്ക്ക് എത്താത്തിടത്ത് സൂക്ഷിക്കുക

**നിങ്ങളുടെ കുട്ടി ഒരു ബട്ടൺ ബാറ്ററി വിഴുങ്ങുകയാണെങ്കിൽ, അത് അവരുടെ അന്നനാളത്തിൽ കുടുങ്ങി നിൽക്കാം. ഇത് പ്രധാന ധമനികളിലേക്ക് എരിഞ്ഞിറങ്ങി, അവരെ ദോഷകരമായി ബാധിക്കുകയോ മരണത്തിന് വരെ കാരണമാകുകയോ ചെയ്യാം. ഇത് വളരെ വേഗത്തിൽ സംഭവിക്കാം.**

**6 മാസം മുതൽ 4 ½ വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കാണ് ഏറ്റവും അപകടസാധ്യതയുള്ളത്.**




## ഏത് ബാറ്ററികളാണ് ഏറ്റവും അപകടകാരിയായിട്ടുള്ളത്?

ഒരു 5 പെൻസിന്റെ കഷണത്തേക്കാൾ അൽപ്പം കൂടി വലുപ്പം കൂടിയതാണ് ലിഥിയം കോയിൻ സെൽ ബാറ്ററികൾ. അവയ്ക്ക് ഒരിടത്ത് കുടുങ്ങി കിടക്കുന്നതിനുള്ള വലുപ്പമുണ്ട്, മാത്രമല്ല അവ മരണ കാരണമാകാൻ തക്ക ശക്തിയേറിയതുമാണ്.

വലുപ്പം കുറഞ്ഞ ബട്ടൺ ബാറ്ററികളും ഇപ്പോൾ വിനാശകാരികളായേക്കാം, പ്രത്യേകിച്ച് അവ പുതിയതാണെങ്കിൽ.

## അവ എവിടെയാണുള്ളത്?

ഇനിപ്പറയുന്നവ പോലുള്ള വസ്തുക്കളിൽ നിന്ന് നിങ്ങളുടെ കുട്ടിയ്ക്ക് ബട്ടൺ ബാറ്ററികൾ കണ്ടെത്താനാകും:

- ചെറിയ റിമോട്ട് കൺട്രോളുകൾ
- കാർ കീ ഫോബുകൾ അല്ലെങ്കിൽ കീ ഫൈൻഡറുകൾ
- മ്യൂസിക്കൽ കാർഡുകളും ബുക്കുകളും
- പ്രകാശിക്കുന്ന കളിപ്പാട്ടങ്ങളും നോവൽറ്റി ഇനങ്ങളും
- നൈറ്റ്ലൈറ്റുകൾ
- ഡിജിറ്റൽ സ്കെയിലുകൾ
- തെർമോമീറ്ററുകൾ
- കളിപ്പാട്ട പെട്ടിയിലെ പഴയ കളിപ്പാട്ടങ്ങൾ

കൈയെത്തും ദൂരത്ത് സൂക്ഷിച്ചിരിക്കുന്നതോ പായ്ക്കിൽ നിന്ന് വീണുപോയതോ ആയ ബാറ്ററികളും കുട്ടികളുടെ ശ്രദ്ധയിൽ പെടാം.

ഉപയോഗിച്ച 'പ്രവർത്തനശൂന്യമായ' ബാറ്ററികളിലും ഇപ്പോഴും അപകടകരമാകത്തക്കവിധമുള്ള ചാർജ്ജ് ഉണ്ടാകാം.

## നിങ്ങളുടെ വീട്ടിൽ പരിശോധന നടത്തുക

- ബട്ടൺ ബാറ്ററികൾക്കായി നിങ്ങളുടെ വീടിന് ചുറ്റും തിരച്ചിൽ നടത്തുക
- ബാറ്ററി കമ്പാർട്ട്മെന്റ് സുരക്ഷിതമല്ലെങ്കിൽ ഉൽപ്പന്നങ്ങൾ നിങ്ങളുടെ കുട്ടിയുടെ കൈയെത്തും ദൂരത്ത് നിന്ന് മതിയായ അകലത്തിൽ സൂക്ഷിക്കുക
- സ്പെയർ ബാറ്ററികളും 'പ്രവർത്തനശൂന്യമായ' ബാറ്ററികളും അവരുടെ കൈയെത്തും ദൂരത്ത് നിന്ന് മതിയായ അകലത്തിൽ സൂക്ഷിക്കുക
- ഓൺലൈൻ മാർക്കറ്റുകളിൽ നിന്നോ പ്രാദേശിക ഡിസ്കൗണ്ട് ഷോപ്പുകളിൽ നിന്നോ ഉള്ള വിലകുറഞ്ഞ ഇനങ്ങളിൽ ജാഗ്രത പുലർത്തുക. അവയിൽ നിങ്ങളുടെ കുട്ടിയ്ക്ക് എളുപ്പത്തിൽ കൈക്കലാക്കാനാകുന്ന ബട്ടൺ ബാറ്ററികൾ അടങ്ങിയിരിക്കാം

## നിങ്ങളുടെ കുട്ടി അത്തരത്തിൽ ഒന്ന് വിഴുങ്ങിയോ?

- **വൈകരുത്. അവരെ ഉടൻ തന്നെ A&E-യുടെ അടുത്ത് എത്തിക്കുക അല്ലെങ്കിൽ ആംബുലൻസിനായി 999 എന്ന നമ്പറിൽ വിളിക്കുക.**
- **നിങ്ങളുടെ കുട്ടി ഒരു ബട്ടൺ ബാറ്ററി വിഴുങ്ങിയതായി നിങ്ങൾ കരുതുന്നുവെന്ന് ഡോക്ടറോട് പറയുക.**
- **ബാറ്ററിയുടെ പാക്കേജിംഗോ ബാറ്ററി ഉണ്ടായിരുന്ന ഉൽപ്പന്നമോ നിങ്ങളുടെ പക്കൽ ഉണ്ടെങ്കിൽ, അത് നിങ്ങളോടൊപ്പം കൊണ്ടുപോകുക.**
- **അവരെ എന്തെങ്കിലും കഴിക്കാനോ കുടിക്കാനോ അനുവദിക്കരുത്, അവരെ അസ്വസ്ഥരാക്കരുത്**

**ചില ലക്ഷണങ്ങൾ പ്രകടമായേക്കാം. അതിനാൽ നിങ്ങളുടെ സഹജവാസനകളിൽ വിശ്വാസമർപ്പിക്കുക.**

capt.org.uk/button-batteries
@ChildAccidentPreventionTrust

child accident prevention trust